മത്സ്യഫെഡ്
കേരള സംസ്ഥാന സഹകരണ മത്സ്യവികസന ഫെഡറേഷൻ (മത്സ്യഫെഡ്)
കമലേശ്വരം, മണക്കാട് പി.ഒ., തിരുവനന്തപുരം - 695009
Phone: 0471- 2458606, 2457756, 2457172 Fax: 0471 – 2457752
Website: www.matsyafed.org Email: matsyafed@matsyafed.in

നം.മത്സ്യഫെഡ്/എസ്.വി/40/2010 31/12/2019

## വാഹന ലേല പരസ്യം

കേരള സംസ്ഥാന മത്സ്യവികസന ഫെഡറേഷന്റെ (മത്സ്യഫെഡ്) ഉടമസ്ഥതയിലുള്ള 2009 മോഡൽ Ashok Leyland Ltd., ന്റെ ബസ്സ് (KL-01-AW-7890) ക്വട്ടേഷൻ/ ലേലം അടിസ്ഥാനത്തിൽ വിൽക്കുന്നതിന് തീരുമാനിച്ചിരിയ്ക്കുന്നു. താൽപര്യമുള്ളവർക്ക് ഓഫീസ് സമയങ്ങളിൽ മത്സ്യഫെഡിന്റെ കമലേശ്വരത്തുള്ള കേന്ദ്ര ആഫീസിൽ നേരിട്ടെത്തി വാഹനം പരിശോധിച്ച് ബോദ്ധ്യപ്പെടാവുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ ക്വാട്ടുചെയ്യുന്ന തുകയുടെ 2.5% തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് മാനേജിംഗ് ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്ത് മാറത്തക്കവിധം നിരതദ്രവ്യമായി ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 16-01-2020 -ാം തീയതി ഉച്ചയ്ക്ക് 2.30 മണിയ്ക്ക് മുൻപായി ഈ ആഫീസിൽ സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത വാഹനം അന്നേ ദിവസം തന്നെ വൈകുന്നേരം 3.00 മണിയ്ക്ക് മത്സ്യഫെഡ് കേന്ദ്ര ആഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ യഥാ സമയം 5000/- രൂപ ( അയ്യായിരം രൂപ മാത്രം) നിരദ്രവ്യമായി ആഫീസിൽ അടച്ച് ടോക്കൺ വാങ്ങിയിരിക്കണം. ലേലത്തിനുശേഷം ലഭിച്ച ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതും, ലേലത്തിലോ ക്വട്ടേഷനിലോ കൂടുതൽ നിരക്ക് ക്വാട്ട് ചെയ്തിട്ടുള്ള വ്യക്തിക്ക് അംഗീകാരത്തിന് വിധേയമായി ക്വട്ടേഷൻ / ലേലം സ്ഥിരപ്പെടുത്തുന്നതാണ്. യാതൊരു കാരണവും കൂടാതെ ക്വട്ടേഷൻ / ലേലം സ്ഥിരപ്പെടുത്തുന്നതിനോ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം ബന്ധപ്പെട്ട മത്സ്യഫെഡ് ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ/ലേലം സമർപ്പിച്ച വ്യകതി തുകയുടെ 25% തത്സമയം ഈ ആഫീസിൽ അടയ്ക്കേണ്ടതും. അംഗീകാരത്തിനുശേഷം ബാക്കി തുക നിയമാനുസൃതമായ നികുതികൾ ഉൾപ്പെടെ ഏഴ് ദിവസത്തിനകം ഓഫീസിൽ അടച്ച് വാഹനം കൈപ്പറ്റേണ്ടതുമാണ്. വാഹനത്തിന്റെ ആർ.സി.ബുക്ക് തിരുവനന്തപുരം ആർ.റ്റി.ഓഫീസിലെ നിബന്ധനകൾക്ക് വിധേയമായി മാത്രമേ കൈമാറ്റം ചെയ്യപ്പെടുകയുള്ളു. കൂടുതൽ വിവരങ്ങൾ പ്രവൃത്തി സമയങ്ങളിൽ ഈ ആഫീസിൽ നിന്നും (ഫോൺ- 0471-2457172, 2457758, 2458606, Website: www.matsyafed.in) അന്വേഷിച്ചറിയാവുന്നതാണ്.

മാനേജിംഗ് ഡയറക്ടർ

To,

മത്സ്യഫെഡ് കേന്ദ്ര ഓഫീസിലെ നോട്ടീസ് ബോർഡ്,

മത്സ്യഫെഡ് ജില്ലാ ഓഫീസർമാർ/ യൂണിറ്റ് തലവൻമാർ - **നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്**